# അഫ്ഗാനിസ്ഥാനിലെ  ദേശീയ സുരക്ഷാ ഉപദേഷ്ടാവിന്റെ ഇന്ത്യാ  സന്ദര്ശനം

നവംബര്  10, 2015

ഇസ്ലാമിക് റിപ്പബ്ലിക് ഓഫ് അഫ്ഗാനിസ്ഥാനിലെ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ശ്രീ ഹനീഫ് ആത്മാര് നവംബര് 8, 2015 ല് ഇന്ത്യ സന്ദര്ശിച്ചു . ദേശീയ സുരക്ഷാ ഉപദേഷ്ടാവ് (എന്എസ്എ ) ശ്രീ അജിത്ത് കെ. ദോവലിന്റെ ക്ഷണം സ്വീകരിച്ചാണ് സന്ദര്ശനം. എന്എസ് എയുമായുള്ള ചര്ച്ചകള്ക്ക് പുറമെ ശ്രീ ആത്മാര് പ്രതിരോധ  മന്ത്രിയുമായി കൂടിക്കാഴ്ച നടത്തി.  വിദേശകാര്യ സെക്രട്ടറി ഡോ. എസ് ജയ് ശങ്കറുമായി കൂടികാഴ്ച നടത്തുകയും ഇന്സ്റ്റിറ്റ്യൂട്ട് ഫോര് ഡിഫന്സ് സ്റ്റഡീസ് ആന്ഡ് അനാലിസിസില് നടന്ന ഒരു ചര്ച്ചയില് പങ്കെടുക്കുകയും ചെയ്തു .

പുരോഗതിയും സ്ഥിരതയും ഉത്കൃഷ്ടവുമായ ഏകോപിതമായ ഒരു അഫ്ഗാനിസ്ഥാനെ പിന്തുണയ്ക്കുവാനുള്ള ഇന്ത്യയുടെ ശക്തമായ പ്രതിബദ്ധതയെ ആത്മാറിന്റെ ഇന്ത്യന് സംവാദകര് ആവര്ത്തിച്ചു പറഞ്ഞു . ഇന്ത്യയില് നിന്നും ലഭിക്കുന്ന വിശ്വസനീയവും ഉറപ്പുള്ളതുമായ സഹായത്തിന് തന്റെ രാജ്യത്തിന്റെ നേതൃത്വത്തിന്റെയും ഗവണ്മെന്റിന്റെയും അഫ്ഗാനിലെ ജനങ്ങളുടെയും അഭിനന്ദനങ്ങള് ശ്രീ ആത്മാര് ,  അറിയിച്ചു

സന്ദര്ശനത്തിന്റെ ഭാഗമായി മേഖലാ സുരക്ഷാ,പ്രത്യേകിച്ചും  മേഖലയുടെ സമാധാനത്തെയും സ്ഥിരതയ്ക്കും ഭീഷണിയായ തീവ്രവാദം , എല്ലാ രീതികളിലുമുള്ള  തീവ്രവാദത്തോട് പ്രതിരോധിക്കുവാനും   സുരക്ഷ ഉറപ്പ് വരുത്തുവാനും  അഫ്ഗാനിസ്ഥാന് ആവശ്യമായ പ്രതിരോധ കാര്യക്ഷമത ശക്തിപ്പെടുത്താനും , ആവശ്യമായ  വിവിധ വശങ്ങളെ  കുറിച്ച് ഇരു വിഭാഗങ്ങളും  ചര്ച്ച ചെയ്തു.  ഇന്ത്യയും അഫ്ഗാനിസ്ഥാനും തമ്മിലുള്ള സഹകരണം കൂടുതല് വര്ദ്ധിപ്പിക്കുവാനുള്ള മാര്ഗ്ഗങ്ങള് അവര് ചര്ച്ച ചെയ്തു.

**ന്യൂഡെല്ഹി**

**നവംബര് 10, 2015**